**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 478** **30-01-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷ പെൻഷൻ നൽകുന്നതിനുള്ള ചെലവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു മാസം സാമൂഹ്യ സുരക്ഷ പെൻഷൻ നല്കുന്നതിന് എത്ര കോടി രൂപ ചെലവഴിക്കുന്നുണ്ട്; എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നുണ്ട്; | (എ) | തദ്ദേശ സ്വയംഭരണ സർക്കാർ വഴി നടപ്പിലാക്കിയിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷൻ, കായിക യുവജനക്ഷേമം വകുപ്പ് മുഖേനയുള്ള സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ, പിന്നാക്ക വിഭാഗ വികസ വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ, തനത്ഫണ്ട് ഉപയോഗിച്ച് ക്ഷേമനിധി ബോർഡുകൾ വിതരണം ചെയ്യുന്ന പെൻഷനുകൾ എന്നിവയാണ് സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഗണത്തിൽപ്പെടുന്നത്. സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷനുകൾക്കായി പ്രതിമാസം ശരാശരി 900 കോടിയോളം രൂപ ചെലവഴിക്കുന്നു.<br><br>സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ 2243 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 40,04,277/- രൂപയും, അവശകലാകാര പെൻഷൻ 208 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 2,08,000/- രൂപയും, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളി പെൻഷൻ 1313 ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 21,00,800/- രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>കായിക യുവജനകാര്യ വകുപ്പ് മുഖേന സർക്കസ് പെൻഷൻ 1154 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ഒരു മാസം 13,84,600/- രൂപയും അവശ കായികതാര പെൻഷൻ 102 ഗുണഭോക്താക്കൾക്ക് |

| | | | |
|---|---|---|---|
| | | | നൽകുന്നതിന് 1,32,600/- രൂപയും ചെലവാകുന്നുണ്ട്. പിന്നാക്ക വിഭാഗം വികസന വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ 311 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 4,84,600/- രൂപയും ചെലവാകുന്നു.<br><br>കൂടാതെ തനത്ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 13 ക്ഷേമനിധി ബോർഡുകളിലെ 484700 ഗുണഭോക്താക്കൾക്കായി 97,67,99,641/- രൂപയും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) | സാമൂഹ്യ സുരക്ഷ പെൻഷൻ പദ്ധതി ഇനത്തിൽ സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും എത്ര കോടി രൂപ കുടിശ്ശികയായിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | 2020-21 സാമ്പത്തിക വർഷത്തിന്റെ നാലാം പാദം, 2021-22 സാമ്പത്തിക വർഷം, 2022-23 സാമ്പത്തിക വർഷം, 2023-24 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദം വരെയുള്ള കേന്ദ്രവിഹിതം കുടിശ്ശിക തുകയായ 602 കോടി രൂപ നിരവധി തവണ ആവർത്തിച്ച് ആവശ്യപ്പെട്ടതിന്റെ ഫലമായി 2023 ഒക്ടോബർ മാസത്തിൽ മാത്രമാണ് കേന്ദ്രത്തിൽ നിന്നും അനുവദിച്ചിട്ടുള്ളത്. 2023 ജൂലൈ, ആഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ കേന്ദ്രവിഹിതം ഉൾപ്പടെയുള്ള തുക സംസ്ഥാന സർക്കാർ ഇതിനോടകം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത വിതരണത്തിലെ കേന്ദ്രവിഹിതമായ 48,61,79,600/- രൂപ കുടിശ്ശികയുണ്ട്. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ ക്ഷേമപെൻഷനുകളിൽ നാമമാത്രമായ ഗുണഭോക്താക്കൾക്ക് മാത്രമാണ് കേന്ദ്ര വിഹിതം ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| നം | ക്ഷേമനിധി ബോർഡ് | എണ്ണം | തുക |
|---|---|---|---|
| 1 | കേരള ചുമട്ട് തൊഴിലാളി അൺ അറ്റാച്ച്ഡ് വിഭാഗം | 13342 | 39026588 |
| 2 | കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 856 | 2861600 |
| 3 | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 361893 | 575873840 |
| 4 | കേരള സ്റ്റേറ്റ് കൾച്ചറൽ ആക്ടിവിസ്റ്റ് വെൽഫെയർ ഫണ്ട് ബോർഡ് | 3855 | 15420000 |
| 5 | കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ് വെൽഫെയർ ഫണ്ട് ബോർഡ് | 10566 | 39130545 |
| 6 | കേരള സ്റ്റേറ്റ് അങ്കണവാടി വർക്കേഴ്സ് ആന്റ് വെൽഫെയർ ഫണ്ട് ബോർഡ് | 15491 | 30505000 |
| 7 | കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 20646 | 67433621 |
| 8 | കേരള റേഷൻ ഡീലേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 1524 | 2286000 |
| 9 | കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ഫണ്ട് ബോർഡ് | 5638 | 9080400 |
| 10 | കേരള അഡ്വക്കേറ്റ് ക്ലർക്ക് ക്ഷേമനിധി കമ്മിറ്റി | 448 | 957750 |
| 11 | ദി കേരള നോൺ-റസിഡന്റ്സ് കേരളൈറ്റ്സ് | 48904 | 191390197 |
| 12 | കേരള ഡോക്കുമെന്റ് റൈറ്റേഴ്സ് -സ്ക്രൈബ്സ് അന്റ് സ്റ്റാമ്പ് വെണ്ടേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 111 | 177600 |
| 13 | കേരള മദ്രസ അദ്ധ്യാപക ക്ഷേമ നിധി ബോർഡ് | 1426 | 2656500 |

**ആകെ** 484700 976799641